പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1941 | 10.03.2020 -ൽ മറുപടിക്ക്

## കുപ്പിവെള്ളത്തിന് ഏകീകൃത വില

ചോദ്യം
**ശ്രീ.പി.കെ. ശശി**

മറുപടി
**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

സംസ്ഥാനത്ത് വിപണനം നടത്തുന്ന കുപ്പിവെള്ളത്തിന് വില നിയന്ത്രണം കൊണ്ടുവരുവാനും ഏകീകൃത വില ഏർപ്പെടുത്തുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ ?

സംസ്ഥാനത്ത് വിപണനം നടത്തുന്ന കുപ്പിവെള്ളത്തിന് വില നിയന്ത്രണം കൊണ്ടുവരുവാനും ഏകീകൃത വില ഏർപ്പെടുത്തുവാനുമുള്ള നടപടികളുടെ ഭാഗമായി 14.06.2019 ലെ ജി.ഒ.(പി) നമ്പർ 14/2019/ഭ.പൊ.വി.വ (19.07.2019 ലെ എസ്.ആർ.ഒ 483/2019 നമ്പർ വിജ്ഞാപനം) പ്രകാരം കുപ്പിവെള്ളത്തെ 1986 ലെ കേരള അവശ്യ വസ്തു നിയന്ത്രണ നിയമ പ്രകാരം അവശ്യ വസ്തുവായി പ്രഖ്യാപിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 02.03.2020 ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 5/2020/ഭ.പൊ.വി.വ പ്രകാരം പാക്കേജ് ചെയ്ത കുപ്പിയിലാക്കിയ കുടിവെള്ളത്തിന്റെ വില സംസ്ഥാനമൊട്ടാകെ ലിറ്ററിന് 13/- രൂപയായി നിശ്ചയിച്ച് ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. മാത്രമല്ല സപ്ലൈകോ ഔട്ട് ലെറ്റുകളിലൂടെ വിതരണം നടത്തുന്ന കുപ്പിവെള്ളത്തിന്റെ വില ലിറ്ററിന് 11/- രൂപയായി ഏകീകരിച്ചാണ് വില്പന നടത്തി വരുന്നത്.

സെക്ഷൻ ഓഫീസർ